**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 112** **07-10-2024 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ പോലീസ് മൈതാനം നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ പോലീസ് മൈതാനം നവീകരണം പദ്ധതിക്ക് 1 കോടി അടങ്കൽ തുകയുടെ 20% നീക്കി വച്ചിട്ടുണ്ട്. (വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം 11 സീരിയൽ നമ്പർ 332) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത്വരെ ആയെന്ന് വിശദമാക്കാമോ; | (എ) | കണ്ണൂർ റൂറലിലെ പയ്യന്നൂർ പോലീസ് ഗ്രൗണ്ടിന്റെ നവീകരണത്തിന് 2023-24 ലെ സംസ്ഥാന ബജറ്റിൽ ഒരു കോടി രൂപ നീക്കിവെച്ചതായും പ്രസ്തുത തുക വിനിയോഗിച്ച് പോലീസ് ഗ്രൗണ്ട് നവീകരിക്കുന്നതിനായി പി.ഡബ്ല്യൂ.ഡി തയ്യാറാക്കിയ ആർക്കിടെക്ച്ചറൽ ഡ്രോയിംഗിന് അംഗീകാരം നൽകണമെന്നും ശ്രീ. ടി.ഐ. മധുസൂദനൻ എം.എൽ.എ 24.09.2024-ലെ കത്തു പ്രകാരം അറിയിച്ചിരുന്നു.<br>01.01.2021 ൽ പ്രവർത്തനം ആരംഭിച്ച കണ്ണൂർ റൂറൽ ജില്ലാ പോലീസ് ആസ്ഥാന ക്യാമ്പ് തളിപ്പറമ്പ് പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന പഴയ ഫാമിലി ക്വാർട്ടേഴ്സുകളിലാണ് പ്രവർത്തിച്ചു വരുന്നത്.<br>ജില്ലാ പോലീസ് ക്യാമ്പുമായി ബന്ധപ്പെട്ട് ആവശ്യമായ ജില്ലാ ആസ്ഥാന ക്യാമ്പിലെ വിവിധ ഓഫീസുകളുടെ നിർമ്മാണം, BDDS യൂണിറ്റ്, K9 സ്ക്വാഡ്, വനിതാ പോലീസ് സ്റ്റേഷൻ, കേന്ദ്രീകൃത ലോക്കപ്പ് സൗകര്യം, കൂടാതെ ബാരക്കുകൾ, ഡി.എച്ച്.ക്യൂ ക്യാമ്പ്, ക്വാർട്ടേഴ്സുകൾ തുടങ്ങിയവയുടെ നിർമ്മാണത്തിനായി ജില്ലയിൽ മറ്റ് റവന്യൂ ഭൂമി ലഭ്യമല്ല. അതിനാൽ പയ്യന്നൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ ലഭ്യമായ ഭൂമിയിലാണ് പ്രസ്തുത കെട്ടിടങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.<br>പോലീസ് സബ് ഡിവിഷൻ, പയ്യന്നൂർ ജില്ലാ പോലീസ് കൺട്രോൾ റൂം എന്നിവയും നിർദ്ദിഷ്ട പോലീസ് മൈതാനത്തിന് വളരെ അടുത്താണ് പ്രവർത്തിക്കുന്നത്. ഈ സാഹചര്യത്തിൽ മേൽ പദ്ധതികളുടെ ആവശ്യകത കൂടി കണക്കിലെടുത്ത ശേഷം പയ്യന്നൂർ പോലീസ് പരേഡ് ഗ്രൗണ്ടിന്റെ നവീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയുടെ ആർക്കിടെക്ച്ചറൽ ഡ്രോയിംങ് കേരള പൊതുമരാമത്ത് വിഭാഗം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ